ജവാന്മാരെ കൊലയ്ക്കുകൊടുത്തെന്ന് രാം ഗോപാൽ യാദവ്

ന്യൂഡൽഹി: രാഷ്ട്രീയ താത്പര്യം സംരക്ഷിക്കാനായി നരേന്ദ്ര മോദി പുൽവാമയിൽ സി.ആർ.പി.എഫ് ജവാൻമാരെ കൊലപ്പെടുത്തിയതാണെന്ന് മുതിർന്ന സമാജ്‌വാദി പാർട്ടി നേതാവ് രാം ഗോപാൽ യാദവ് പറഞ്ഞു. അതേ സമയം സുരക്ഷാ സേനയെ അപമാനിക്കുന്നതാണ് സമാജ് വാദി പാർട്ടി നേതാവിന്റെ ആരോപണമെന്നും അദ്ദേഹം മാപ് പറയണമെന്നും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ആവശ്യപ്പെട്ടു.

ഒളിവാസത്തിന് അടവുകൾ പതിനെട്ടും പയറ്റി നീരവ്

പ്ലാസ്റ്റിക് സർജറിക്കും പദ്ധതിയിട്ടു

ന്യൂഡൽഹി: പഞ്ചാബ് നാഷണൽ ബാങ്കിന്റെ കോടികൾ വെട്ടിച്ച വജ്രവ്യാപാരി നീരവ് മോദിയുടെ കള്ളക്കളികൾ കഴിഞ്ഞ വർഷം ജനുവരി 29നാണ് പുറത്തായത്. ഒരു മാസം തികച്ചില്ല, അതിനു മുമ്പ് കള്ളത്തരങ്ങൾക്ക് കൂട്ടാളിയായ അമ്മാവൻ മെഹുൽ ചോക്സിയെയും സ്വന്തക്കാരെയും കൂട്ടി നീരവ് രാജ്യം വിട്ടു. 15 മാസത്തെ ഒളിവാസത്തിനൊടുവിൽ ബുധനാഴ്ച ലണ്ടനിൽ അറസ്റ്റിലാകും വരെ പ്രോസിക്യൂഷൻ തടയാൻ നീരവ് പഠിച്ച പണി പതിനെട്ടും പയറ്റിയിരുന്നു.

പസഫിക് സമുദ്ര ദ്വീപായ വനുവാതു വിലേക്ക് കടക്കാനായിരുന്നു ആദ്യ പദ്ധതി. ആസ്ട്രേലിയയ്ക്ക് കിഴക്ക് 1750 കിലോമീറ്റർ അകലെയുള്ള ഈ കുഞ്ഞൻ ദ്വീപിലെ പൗരത്വത്തിനായി ശ്രമം നടത്തി. സിംഗപ്പൂരിൽ സ്ഥിരമായി താമസം തരപ്പെടുത്താനും ശ്രമമുണ്ടായി. ഇതിലെല്ലാം സുരക്ഷാ പാളിച്ചകൾ കണ്ടതുകൊണ്ടാകണം മൂന്നാമതൊരു രാജ്യത്ത് സുരക്ഷിത താവളത്തിനായി ലണ്ടനിലെ നിയമവിദഗ്ദ്ധരെയും കണ്ടു. ഇതൊന്നും പോരാഞ്ഞ് മുഖം പ്ലാസ്റ്റിക് സർജറി ചെയ്ത് മാറ്റാൻ വരെ തയ്യാറായിരുന്നു പാവം പിടികിട്ടാപ്പള്ളി. എന്നാൽ ബുധനാഴ്ച ലണ്ടനിൽ അറസ്റ്റിലായതോടെ അടവുകളെല്ലാം വെറുതേയായി.

കഴിഞ്ഞ വർഷം നീരവ് രാജ്യം വിട്ടതു മുതൽ ഇന്ത്യൻ ഏജൻസികൾ ഇയാളുടെ പിന്നാലെയുണ്ടായിരുന്നു. നീരവിന്റെ ഇടയ്ക്കിടെയുള്ള യൂറോപ്, യു.എ.ഇ യാത്രകളും സാമ്പത്തിക ഇടപാടുകളുമെല്ലാം കൃത്യമായി നിരീക്ഷിക്കപ്പെട്ടിരുന്നു.

എന്നാൽ കള്ളത്തരങ്ങളിൽ പങ്കാളിയായ അമ്മാവൻ മെഹുൽ ചോക്സി നീരവിനെക്കാൾ അല്പം മിടുക്കനാണ്. 2017 ൽ തന്നെ ആന്റിഗ്വൻ പൗരത്വത്തിനുവേണ്ടി മെഹുൽ ശ്രമിച്ചിരുന്നു. ഇരുവർക്കുമെതിരെ റെഡ്കോർണർ നോട്ടീസയയ്ക്കാൻ ആവശ്യപ്പെട്ട് എൻഫോഴ്സ്മെന്റും സി.ബി.ഐയും ഇന്റർപോളിനെ സമീപിച്ചപ്പോഴും അമ്മാവൻ മിടുക്കു കാട്ടി. കേസ് രാഷ്ട്രീയപ്രേരിതമാണെന്ന് കാട്ടി മെഹുൽ ചോക്സി നോട്ടീസിന് വിശദീകരണം നൽകി. എന്നാൽ ഇന്ത്യയ്ക്ക് പുറത്ത് തന്നെ ആരും പിടിക്കില്ലെന്ന അമിത ആത്മവിശ്വാസത്തിൽ നീരവ് വിശദീകരണം നൽകിയതുമില്ല.

സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തിയാലും നീരവിനെ പൂട്ടാനുള്ളതെളിവുകളാണ് ഇന്റർപോളിന്റെ കൈവശമുള്ളത്. ചോക്സിയെ പിടികൂടാനും ഇന്ത്യ ശക്തമായി ശ്രമം തുടരുകയാണ്.

വെടിനിറുത്തൽ ലംഘിച്ച് പാകിസ്ഥാൻ; ജവാന് വീരമൃത്യു

രജൗരി: ജമ്മു കാശ്മീരിലെ രജൗറി ജില്ലയിൽ പാകിസ്ഥാൻ ഇന്നലെ നടത്തിയ വെടിവയ്പിൽ ഒരു ജവാൻ വീരമൃത്യു വരിച്ചു. ഇന്നലെ രാവിലെ സുന്ദർബനി സെക്ടറിലെ കേരിബെൽറ്റിലുണ്ടായ ആക്രമണത്തിലാണ് റൈഫിൾമാൻ യാഷ്പോൾ (24) കൊല്ലപ്പെട്ടത്. നാല് ജവാൻമാർക്ക് പരിക്കേറ്റു. ബലാക്കോട്ട് ഭീകരാക്രമണത്തിനുശേഷം നിയന്ത്രണരേഖയിൽ തുടർന്നുകൊണ്ടിരിക്കുന്ന പാക് പ്രകോപനം ഇന്നലെ ശക്തമായിരുന്നു. നിയന്ത്രണരേഖയിൽ അഖ്നൂർ, സുന്ദർബനി സെക്ടറുകളിൽ പാകിസ്ഥാൻ നടത്തിയ ഷെല്ലാക്രമണത്തിലും മോട്ടോർ ബോംബ് ആക്രമണത്തിലുമാണ് ജവാൻ കൊല്ലപ്പെട്ടത്. രണ്ടിടത്തും സൈന്യം ശക്തമായ തിരിച്ചടി നൽകി. തിങ്കളാഴ്ച രാത്രിയിലുണ്ടായ പാക് പ്രകോപനത്തിൽ ഒരു സൈനികൻ വീരമൃത്യു വരിക്കുകയും നാലു സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

ഇതിനിടെ, ബാരാമുള്ളയിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടി. ക്രീരിയിൽ കലന്തരമേഖലയിൽ സുരക്ഷാസേനതെരച്ചിൽ നടത്തുന്നതിനിടെയാണ് ഭീകരർ വെടിയുതിർത്തത്. സേന ശക്തമായി തിരിച്ചടിച്ചു. മാർച്ചിൽ മാത്രം നിയന്ത്രണരേഖയിൽ നൂറ് തവണയാണ് പാകിസ്ഥാൻ വെടിനിറുത്തൽ കരാർ ലംഘിച്ചത്.

നീരവിന് ജയിലിൽ കൂട്ടിന് കൊടും കുറ്റവാളികൾ

ലണ്ടൻ: അറസ്റ്റിലായ നീരവ് മോദിയെ പാർപ്പിച്ചിരിക്കുന്നത് ദക്ഷിണ- പടിഞ്ഞാറൻ ലണ്ടനിലെ ക്രിമിനലുകൾ തിങ്ങിനിറഞ്ഞ ജയിലിലാണ്. ഇംഗ്ലണ്ടിലെ ഏറ്റവും തിരക്കേറിയ ജയിലാണ് നീരവിനെ പാർപ്പിച്ചിട്ടുള്ള 'ഹെർ മെജസ്റ്റീസ് ജയിൽ. അടുത്ത ആഴ്ച ആദ്യവാദം വരെ പ്രത്യേക സെല്ലിൽ അടയ്ക്കാനാണ് തീരുമാനം തിരക്കേറിയ ജയിലായതിനാൽ മറ്റുതടവുകാരും സെല്ലിൽ ഉണ്ടാകും. യു.കെയിലെ ചീഫ് പ്രിസൺ ഇൻസ്പെക്ടറുടെ 2018 ലെ പരിശോധന പ്രകാരം 1428 പുരുഷ തടവുകാരാണ് ഈ ജയിലിൽ ഉള്ളത്. അതീവ സുക്ഷാ പ്രശ്നങ്ങളുള്ള ബി കാറ്റഗറി ജയിലാണ് ഹെർമെജസ്റ്റീസ് ജയിൽ. കൈമാറ്റം പ്രതീക്ഷിച്ചു കഴിയുന്ന പാക് കുറ്റവാളിയും ദാവൂദ് ഇബ്രാഹിമിന്റെ വലംകൈ എന്നറിയപ്പെടുന്ന ജാബിർ മോട്ടി അടക്കമുള്ള അധോലോക തലവന്മാരെ പാർപ്പിച്ചിരിക്കുന്നതും ഈ ജയിലിലാണ്. കുറഞ്ഞത് ഈ മാസം 29 വരെ നീരവിന് ഇവിടെ താമസിക്കേണ്ടിവരും. കോടതിഉത്തരവ് പ്രതികൂലമായാൽ താമസം നീളും.

ഇന്ത്യയോട് ഇനി ഭീകരത വേണ്ട; പാകിസ്ഥാന് യു.എസ് താക്കീത്

വാഷിംഗ്ടൺ: ഇന്ത്യയ്ക്ക് നേരെ ഇനി ഭീകരാക്രമണം നടത്തിയാൽ അത് അങ്ങേയറ്റം അപകടകരമായിരിക്കുമെന്ന് അമേരിക്ക പാകിസ്ഥാന് മുന്നറിയിപ്പ് നൽകി. ഭീകരസംഘടനകളെ അമർച്ചചെയ്യാൻ പാകിസ്ഥാൻ ശക്തമായ നടപടികൾ എടുക്കണമെന്നും വൈറ്റ്ഹൗസിലെ ഉന്നത ഉദ്യോഗസ്ഥൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ജയ്ഷെ മുഹമ്മദും ലഷ്കറെ തയ്ബയും പോലുള്ള ഭീകരസംഘടനകൾക്കെതിരെ പാകിസ്ഥാൻ ശക്തമായ നടപടികൾ എടുക്കണം. അത് ചെയ്യാതെ ഇന്ത്യയ്ക്കെതിരെ വീണ്ടും ഭീകരാക്രമണം നടന്നാൽ അത് പാകിസ്ഥാന് അങ്ങേയറ്റം ആപത്കരമായിരിക്കും. അത് സംഘർഷം രൂക്ഷമാക്കുകയും ഇരു രാജ്യങ്ങൾക്കും വലിയ ആപത്തുണ്ടാക്കുകയും ചെയ്യും - അദ്ദേഹം പറഞ്ഞു.

ബലാക്കോട്ടിലെ ഇന്ത്യൻ പ്രഹരത്തിന് ശേഷം പാകിസ്ഥാൻ ചില നടപടികൾ എടുത്തിട്ടുണ്ട്. ചില ഭീകരഗ്രൂപ്പുകളുടെ ആസ്തികൾ മരവിപ്പിച്ചു. കുറേ പേരെ അറസ്റ്റ് ചെയ്തു. ജയ്ഷെ കേന്ദ്രങ്ങൾ ഏറ്റെടുത്തു. അറസ്റ്റ് ചെയ്യുന്നവരെ ഏതാനും മാസങ്ങൾ കഴിയുമ്പോൾ വിട്ടയയ്ക്കുകയാണ് പതിവ്. ഭീകരഗ്രൂപ്പുകളെ ഒതുക്കാൻ പാകിസ്ഥാന് മേൽ സമ്മർദ്ദം ശക്തമാക്കാൻ അമേരിക്ക സഖ്യ രാഷ്ട്രങ്ങളുമായി ആലോചിക്കുന്നുണ്ട്. ഭീകരർക്ക് ഫണ്ട് എത്തുന്നത് നിരീക്ഷിക്കുന്ന ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന് പാകിസ്ഥാനെ

> സംഘർഷം അയഞ്ഞെങ്കിലും ഇന്ത്യയുടെയും പാകിസ്ഥാന്റെയും സൈന്യം അതീവ ജാഗ്രതയിലാണ്. ഇനിയൊരു ഭീകരാക്രമണം നടന്നാൽ സംഘർഷം രൂക്ഷമാകും. ഇരുപക്ഷത്തു നിന്നും സൈനിക നടപടിയുണ്ടായാൽ രണ്ട് രാജ്യങ്ങളും അത്യാപത്തിലാവും. ഫെബ്രുവരി 14ന് ഇന്ത്യയ്ക്കെതിരെ നടന്ന ഭീകരാക്രമണം പാകിസ്ഥാൻ ഭീകരരുടെ താവളമാണെന്നതിന്റെ തെളിവായിരുന്നു.

സമ്മർദ്ദത്തിലാക്കാൻ കഴിയും. ഭീകരർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ പാകിസ്ഥാനെ ഈ ഏജൻസി ഗ്രേലിസ്റ്റിൽ ഉൾപ്പെടുത്താം. അത് പാകിസ്ഥാനെതിരെ സാമ്പത്തിക ഉപരോധത്തിന് വഴിയൊരുക്കും. ലോകത്തെ സാമ്പത്തിക സ്രോതസുകൾ ഉപയോഗിക്കാൻ അവകാശമുള്ള ഉത്തരവാദിത്വമുള്ള ഒരു രാജ്യമാകണോ, ഭീകരർക്കെതിരെ നടപടിയെടുക്കാതെ കൂടുതൽ ഒറ്റപ്പെടണോ എന്ന് പാകിസ്ഥാൻ സ്വയം തീരുമാനിക്കണം.

സംഘർഷം ലഘൂകരിക്കാൻ ചൈന, സൗദി അറേബ്യ, യു.എ.ഇ, ഖത്തർ, ബ്രിട്ടൻ, യൂറോപ്യൻ യൂണിയൻ, ജപ്പാൻ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളുടെ സഹായവും അമേരിക്ക തേടിയതായും ഉദ്യോഗസ്ഥൻ പറഞ്ഞു.

പള്ളികളിലെ ഭീകരാക്രമണം തോക്ക് നിയമം പരിഷ്കരിച്ച് ന്യൂസിലാൻഡ് പ്രധാനമന്ത്രി

വെല്ലിംഗ്ടൺ: ന്യൂസിലാൻഡിനെ പിടിച്ചുലച്ച പള്ളികളിലെ ഭീകരാക്രമണത്തിനു പിന്നാലെ പ്രധാനമന്ത്രി ജെസീന്ത ആർഡൻ രാജ്യത്തെ തോക്കു നിയമങ്ങൾ പരിഷ്കരിച്ചതായി ഉത്തരവിറക്കി. പുതിയ നിയമപ്രകാരം രാജ്യത്ത് പ്രഹരശേഷി കൂടുതലുള്ള റൈഫിളുകളുടെയും സെമി ഓട്ടോമാറ്റിക് തോക്കുകളുടെയും വില്പന നിരോധിച്ചതായി ജെസീന്ത ഇന്നലെ വ്യക്തമാക്കി.

മാർച്ച് 15ന് ക്രൈസ്റ്റ്ചർച്ചിലെ രണ്ട് മുസ്ലിം പള്ളികളിൽ നടന്ന ഭീകരാക്രമണത്തിൽ 50 പേരാണ് കൊല്ലപ്പെട്ടത്. പിന്നാലെ രാജ്യത്തെ തോക്കു നിയമങ്ങൾ പരിഷ്കരിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചിരുന്നു. ഏപ്രിൽ 11 മുതൽ പുതിയ നിയമം പ്രാബല്യത്തിൽ വരും. നിരോധിക്കപ്പെട്ട ആയുധങ്ങൾ കൈവശം വച്ചവരിൽ നിന്ന് അവ തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കും. തോക്കുകൾ കൈവശം വയ്ക്കാനുള്ള സമയപരിധി അവസാനിച്ചതിനു ശേഷവും മടക്കിനൽകിയില്ലെങ്കിൽ പിഴയും തടവും അടക്കമുള്ള ശിക്ഷകൾ നേരിടേണ്ടിവരും. സാധാരണ തോക്കുകളെ പ്രഹരശേഷി കൂടിയ മിലിട്ടറി സ്റ്റൈൽ സെമി ഓട്ടോമാറ്റിക് റൈഫിളുകളാക്കി മാറ്റാനുപയോഗിക്കുന്ന ഉപകരണങ്ങൾ ശ്രീലങ്കയിൽ നിരോധനമുണ്ട്.

ഭീകരർ ബന്ദിയാക്കിയ നാട്ടുകാരിൽ ഒരാളെ മോചിപ്പിച്ചു

ശ്രീനഗർ: ജമ്മുകാശ്മീരിലെ ബന്ദിപോരയിൽ ഭീകരർ ബന്ദികളാക്കിയ പ്രായപൂർത്തിയാകാത്ത കുട്ടിയടക്കം രണ്ടുപേരിൽ ഒരാളെ സുരക്ഷാസേന മോചിപ്പിച്ചു. ഒരു ഭീകരനെ സൈന്യം വധിച്ചു. ഹജിൻ മേഖലയിൽ ദേശവാസികളുടെ സഹായത്തോടെ സുരക്ഷാ സേന നടത്തിയ തെരച്ചിലിലാണ് ഒരാളെ മോചിപ്പിച്ചത്. കുട്ടിക്കായി തെരച്ചിൽ തുടരുകയാണ്.

ജെറ്റ് എയർവേസ് പ്രതിസന്ധി; പ്രധാനമന്ത്രിക്ക് കത്ത്

ന്യൂഡൽഹി: ജെറ്റ് എയർവേസ് ശമ്പളം നിഷേധിച്ച വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇടപെടണമെന്ന് പൈലറ്റുമാർ ആവശ്യപ്പെട്ടു. ഇത്സംബന്ധിച്ച് പൈലറ്റുമാർ പ്രധാനമന്ത്രിക്കും വ്യോമയാന മന്ത്രി സുരേഷ് പ്രഭുവിനും കത്തെഴുതി. കമ്പനി തകർച്ചയുടെ വക്കിലാണെന്ന് ഭയക്കുന്നതായും ഇത് ആയിരക്കണക്കിന് പേരുടെ തൊഴിൽ നഷ്ടമാകാൻ ഇടയാക്കുമെന്നും നാഷണൽ ഏവിയേറ്റേഴ്സ് ഗിൽഡ് വ്യക്തമാക്കി. ഈ മാസം 31 നകം ശമ്പളകുടിശിക നൽകിയില്ലെങ്കിൽ ഏപ്രിൽ 1 മുതൽ സമരം തുടങ്ങുമെന്നാണ് പൈലറ്റുമാരുടെ നിലപാട്.

പൈലറ്റുമാരും എൻജിനിയർമാരും ഒഴികെയുള്ള ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നുണ്ടെന്നും പൈലറ്റുമാർ പ്രധാനമന്ത്രിക്ക് എഴുതിയ കത്തിൽ പറയുന്നു. മൂന്ന് മാസത്തോളമായി ശമ്പളം ലഭിക്കാത്തപൈലറ്റുമാരുടെ പ്രതിസന്ധിയിൽ മാനേജ്മെന്റ് പ്രതികരിക്കാൻ തയ്യാറാകുന്നില്ലെന്നും അവർ വ്യക്തമാക്കി. പ്രതിസന്ധിയെ തുടർന്ന് 260 പൈലറ്റുമാർ സ്പൈസ് ജെറ്റിലേക്ക് മാറാൻ അപേക്ഷ നൽകിയിട്ടുണ്ട്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കമ്പനി കടിശ്ശിക വീട്ടാൻ കഴിയാത്തതിനെ തുടർന്ന് 450ൽ 150 സർവീസുകൾ മാത്രമാണ് ഇപ്പോൾ നടത്തുന്നത്. പൊതുമേഖലാ ബാങ്കുകൾക്ക് മാത്രമേ ജെറ്റ് എയർവേസിനെ സഹായിക്കാനാവൂ എന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെ നിരീക്ഷണം.

ദക്ഷിണകൊറിയയിൽ 1600 പേരുടെ കിടപ്പറ രംഗങ്ങൾ ലൈവ്; പ്രതികൾ പിടിയിൽ

സോൾ: ദക്ഷിണകൊറിയയിൽ വിവിധ നഗരങ്ങളിലെ 30 ഹോട്ടലുകളിലെ 42 മുറികളിലായി ഒളികാമറകൾ സ്ഥാപിച്ച് 1600 അതിഥികളുടെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തി തത്സമയം സംപ്രേഷണം ചെയ്ത നാല് യുവാക്കൾ അറസ്റ്റിലായി. ഹോട്ടൽ മുറികളിലെ ഭിത്തികളിലും വസ്ത്രക്കളിലും ഘടിപ്പിച്ചരഹസ്യ കാമറകൾ ഉപയോഗിച്ചാണ് ദൃശ്യങ്ങൾ ചിത്രീകരിച്ചത്.

ദക്ഷിണ കൊറിയൻ ചരിത്രത്തിലെ ഏറ്റവും വലിയ ചാരപ്പണികളിലൊന്ന് എന്നായിരുന്നു രാജ്യാന്തര മാദ്ധ്യമങ്ങൾ സംഭവത്തെ വിശേഷിപ്പിച്ചത്. ഹോട്ടൽ മുറിയിലെ അതിഥികളുടെ സ്വകാര്യ സംഭാഷണങ്ങളും കുളിമുറിയിലെ രംഗങ്ങളും ലൈംഗിക ദൃശ്യങ്ങളും പ്രാഥമിക കൃത്യങ്ങളും വരെ ഇടപാടുകാരുടെ കമ്പ്യൂട്ടറുകളിൽ തത്സമയം സംപ്രേഷണം ചെയ്യുകയായിരുന്നു.

3000 ത്രപ നൽകി അംഗമായി ചേർന്നിട്ടുള്ള 4000 പേർക്കാണ് ദൃശ്യങ്ങൾ നൽകിയത്. കഴിഞ്ഞ ആഗസ്റ്റിലാണ് ദൃശ്യങ്ങൾ ചോർന്നത്. നവംബറിൽ പ്രതികൾ ഒരു വെബ്സൈറ്റ് നിർമ്മിച്ച് ദൃശ്യങ്ങൾ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. എണ്ണൂറോളം വിഡിയോ ദൃശ്യങ്ങളാണ് പ്രതികൾ ഇത്തരത്തിൽ അപ്‌ലോഡ് ചെയ്തത്.

വിവിധം

കുട്ടിക്ക് പ്രാഥമിക സൗകര്യം നൽകിയില്ല: ബാലാവകാശ കമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം: പരീക്ഷയ്ക്കിടയിൽ പ്രാഥമികസൗകര്യത്തിന് കുട്ടിയെ അനുവദിക്കാത്ത സംഭവത്തിൽ അദ്ധ്യാപികയ്ക്കെതിരേ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ പി. സുരേഷ് കേസെടുത്തു. കടയ്ക്കൽ ഗവ. ഹയർസെക്കൻഡറിസ്കൂളിൽ എസ്.എസ്.എൽ.സി. സിരസത്രം പരീക്ഷയ്ക്കിടെയവരുവേദനഅനുഭവപ്പെട്ട കുട്ടി ആവശ്യപ്പെട്ടിട്ടും ശൗചാലയത്തിൽ പോകാൻ അദ്ധ്യാപിക അനുവദിച്ചില്ലെന്ന മാദ്ധ്യമവാർത്തയുടെ അടിസ്ഥാനത്തിലാണ് കമ്മിഷൻ ഇടപെട്ടത്. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കുടിക്കാൻ വെള്ളവും ഇടയ്ക്ക് ആവശ്യമെങ്കിൽ ഇൻവിജിലേറ്ററുടെ നിരീക്ഷണത്തിൽ പ്രാഥമിക സൗകര്യവും ഒരുക്കണമെന്ന് കമ്മിഷൻ നേരത്തേ നിർദേശിച്ചിരുന്നു. എന്നാൽ പ്രാഥമികസൗകര്യം അനുവദിക്കാതിരിക്കുകയും വിവരം പരീക്ഷ ചീഫ്സൂപ്പണ്ടിനെ അറിയിക്കാതിരിക്കുകയും ചെയ്തു എന്നാണ് വാർത്ത. തുടർന്ന് പരീക്ഷ എഴുതാൻ കഴിയാത്ത വിധം അവശനായ കുട്ടി പരീക്ഷാഹാളിൽമലമൂത്രവിസർജനം നടത്തി. അദ്ധ്യാപികയുടെ നിലപാട് കുട്ടിക്ക് കടുത്ത മാനസിക സംഘർഷത്തിന് ഇടയാക്കിയെന്നും സുഗമമായി പരീക്ഷ എഴുതാനായില്ലെന്നും കണ്ടതിന്റെ അടിസ്ഥാനത്തിലാണ് കേസെടുത്തത്.

കെ. പ്രദീപ് കുമാർ എം.എൽ.എ ജാമ്യമെടുത്തു

തിരുവനന്തപുരം: സെക്രട്ടറിയേറ്റ് ഉപരോധ സമരക്കേസിൽ കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി കെ. പ്രദീപ് കുമാർ എം.എൽ.എ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിമുമ്പിൽ നേരിട്ടെത്തി ജാമ്യമെടുത്തു.

കാസർകോട്ടെ തിരഞ്ഞെടുപ്പ് അട്ടിമറിക്കുമെന്ന് മാവോയിസ്റ്റ് ഭീഷണി

ഉദിനൂർ സുകുമാരൻ

കാസർകോട്: കാസർകോട്ടെ ലോക്സഭാതിരഞ്ഞെടുപ്പിന് മാവോയിസ്റ്റ് ഭീഷണിയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ട്. കാസർകോട് മണ്ഡലത്തിലെ കർണാടകയോട് ചേർന്ന കിഴക്കൻമലയോര പ്രദേശത്തെ തിരഞ്ഞെടുപ്പ് തടസപ്പെടുത്തുമെന്നാണ് ഭീഷണി.

കണ്ണൂർ, കാസർകോട് അതിർത്തിയിലെ ചിറ്റാരിക്കാൽ, വെള്ളരിക്കുണ്ട്, രാജപുരം പൊലീസ് സ്റ്റേഷനുകളുടെ പരിധിയിലുള്ള വനമേഖലകളിലും അതിർത്തി ഗ്രാമങ്ങളിലുമാണ് തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കമെന്നും തടസപ്പെടുത്തുമെന്നും ഭീഷണിയുള്ളത്. ഇതുസംബന്ധിച്ച് പൊലീസ്, ഇന്റലിജൻസ് രഹസ്യാന്വേഷണവിഭാഗത്തിന്റെ റിപ്പോർട്ടുകളെ തുടർന്ന് കേന്ദ്ര നിർദ്ദേശപ്രകാരം കോയമ്പത്തൂരിൽ നിന്നുള്ള സി.ഐ.എസ്.എഫിന്റെ സംഘം മലയോരത്ത് പരിശോധന നടത്തി. ഇവിടെ പ്രത്യേക സുരക്ഷയൊരുക്കി നിരീക്ഷണം ശക്തമാക്കാൻ ജില്ലാ ഭരണകൂടത്തോട് ആഭ്യന്തര വകുപ്പ് നിർദ്ദേശിച്ചു. കൂടാതെ ആഭ്യന്തരവകുപ്പിന്റെയും ഇലക്ഷൻ കമ്മിഷന്റെയും നിർദ്ദേശത്തെ തുടർന്ന് അതിർത്തിയിലെ വനമേഖലയിൽ സംയുക്ത സംഘം ഇന്നലെ പരിശോധന നടത്തി. ചിറ്റാരിക്കാൽ, രാജപുരം, വെള്ളരിക്കുണ്ട് ഭാഗങ്ങളിൽ കാസർകോട് ജില്ലാ കളക്ടർ ഡോ. സുജിത് ബാബു, ജില്ലാ പൊലീസ് ചീഫ് ജെയ്സൺ ജോസഫ്, കാസർകോട് ഫോറസ്റ്റ് ഓഫീസർ രാജീവൻ എന്നിവരുടെ നേതൃത്വത്തിൽ പൊലീസും ഫോറസ്റ്റ് ഉദ്യോഗസ്ഥരും സംയുക്തമായാണ് പരിശോധന നടത്തിയത്. ഇന്നലെ ഉച്ചയ്ക്ക് രണ്ടിനാരംഭിച്ച പരിശോധന മണിക്കൂറുകൾ നീണ്ടു. കാട്ടിലെ പോളിംഗ് ബൂത്തുകളും പരിശോധിച്ചു. കാഞ്ഞങ്ങാട് ഡിവൈ.എസ്.പി സജീവൻ, എസ്.ഐമാരായ കെ.വി. ഉമേശൻ, ശ്രീദാസ്, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു. ചിറ്റാരിക്കാൽ, തായ്നേനി, പാലാവയൽ, കൊന്നക്കാട്, പാണത്തൂർ ഭാഗങ്ങളിലെ കാട്ടിനുള്ളിൽ വ്യാപകമായ തെരച്ചിലും നടത്തിയാണ് സംഘം മടങ്ങിയത്.

പട്ടാമ്പി നഗരസഭാംഗങ്ങളെ അയോഗ്യരാക്കിയ നടപടി : ഹൈക്കോടതി സ്റ്റേ അനുവദിച്ചില്ല

കൊച്ചി : പട്ടാമ്പി നഗരസഭയിലെ 17 അംഗങ്ങളെ അയോഗ്യരാക്കിയ തിരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടി സ്റ്റേ ചെയ്യണമെന്ന ആവശ്യം ഹൈക്കോടതി അനുവദിച്ചില്ല.

നഗരസഭാ അംഗങ്ങളായ വിനീത ഗിരീഷ്, എ. ആർ. കൃഷ്ണവേണി, ഗിരിജ, ഉമ്മർ പാലത്തുങ്കൽ, കെ. വി. ജബ്ബാർ, കുഞ്ഞുമുഹമ്മദ് റഷീദ്, മുഷ്ഫാഖ് അബ്ദുൾ നസീർ, അബ്ദുൾ ഹക്കീം റാസി, ബൾക്കീസ്, മുനീർ, ജയലേഖ, സുനിത, ആമിന, എ. കെ. അക്ബർ, ഷീജ, സംഗീത, കെ.സി. മണികണ്ഠൻ എന്നിവർ നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 143 പ്രകാരം ആസ്തി ബാദ്ധ്യതാ വിവരങ്ങൾ യഥാസമയം നൽകിയില്ലെന്ന് വിലയിരുത്തി പട്ടാമ്പി നഗരസഭയിലെ 24 അംഗങ്ങളെയാണ് കമ്മിഷൻ അയോഗ്യരാക്കിയത്.

ഇതിനെതിരെ 17 അംഗങ്ങളാണ് ഹൈക്കോടതിയെ സമീപിച്ചത്. 2015 നവംബർ 12 ന് ചുമതലയേറ്റ അംഗങ്ങൾ 30 മാസത്തിനകം ആസ്തി, ബാദ്ധ്യതാ വിവരങ്ങൾ നൽകേണ്ടിയിരുന്നു. ഉദാത്തമായ ലക്ഷ്യത്തോടെയാണ് ഇത്തരം നിയമങ്ങൾ കൊണ്ടുവന്നിരിക്കുന്നതെന്നും ഇതു ലംഘിക്കുന്നതിനെ നിസാരമായി കാണാനാവില്ലെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. അയോഗ്യരാക്കിയ നടപടി സ്റ്റേ ചെയ്യണമെന്ന ഇടക്കാല ആവശ്യം ഇക്കാരണത്താൽ അനുവദിക്കാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. ഹർജിയിൽ വിശദമായി പിന്നീട് വാദം കേൾക്കും.

പ്രിയ എസ്റ്റേറ്റിന്റെ കരം സ്വീകരിക്കൽ: ആർ.ഡി.ഒയ്ക്കും തഹസിൽദാർക്കും വീഴ്ച പറ്റിയെന്ന് അന്വേഷണ റിപ്പോർട്ട്

കൊല്ലം: സർക്കാർ നിലപാടിന് വിരുദ്ധമായി ആര്യങ്കാവ് പ്രിയ എസ്റ്റേറ്റിന്റെ കരം സ്വീകരിച്ച നടപടിയിൽ പുനലൂർ ആർ.ഡി.ഒയുടെയും തഹസിൽദാരുടെയും ഭാഗത്ത് ഗുരുതര വീഴ്ചയുണ്ടായതായി എ.ഡി.എം ജെ. മോബി ജില്ലാ കളക്ടർ ഡോ. എസ്. കാർത്തികേയന് റിപ്പോർട്ട് നൽകി. എ.ഡി.എമ്മിന്റെ റിപ്പോർട്ട് ഉടൻ കളക്ടർ സർക്കാരിന് കൈമാറും.

പ്രിയ എസ്റ്റേറ്റിന്റെ നികുതി സ്വീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നെങ്കിലും സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുത്തിരുന്നില്ല. ഇതിനിടെ ഫെബ്രുവരി 18ന് നികുതി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രിയ എസ്റ്റേറ്റ് ഉടമകൾ അപേക്ഷ നൽകി. തൊട്ടടുത്ത ദിവസം തന്നെ 19 ഏക്കർ സ്ഥലത്തിന്റെ കരം ആര്യങ്കാവ് വില്ലേജ് ഓഫീസർ സ്വീകരിക്കുകയായിരുന്നു.

സംഭവം വിവാദമായതോടെ വില്ലേജ് ഓഫീസറെ സ്